## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3347

21.1.2012 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷ സമുദായ വനിതകൾക്കായി സ്വയം സഹായ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷ സമുദായത്തിലെ വനിതകൾക്കായി സ്വയംസഹായ സംഘം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത സംഘങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;<br><br>(സി) ആർക്കൊക്കെയാണ് പ്രസ്തുത സംഘം വഴി ധനസഹായം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (എ) യും (ബി) യും (സി) യും<br><br>സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും എഴുപത് ശതമാനമെങ്കിലും ന്യൂനപക്ഷ വനിതകൾ അംഗങ്ങളുമായ വനിതാ സ്വയംസഹായ സംഘങ്ങൾ, പ്രദേശത്തെ സ്രോതസ്സുകൾക്കും വിപണനത്തിനും അനുയോജ്യമായതും വിജയ സാധ്യതയുള്ളതുമായ പദ്ധതികളുമായി സമീപിച്ചാൽ പദ്ധതി ചെലവിന്റെ നേർപകുതിയോ രണ്ടര ലക്ഷം രൂപയോ ഏതാണ് കുറവ് അത് ഗ്രാന്റായി നൽകുന്ന ഒരു പദ്ധതി സർക്കാർ ഈ വർഷം പ്രഖ്യാപിച്ചിട്ടുണ്ട്. 20 വനിതകളാണ് ഒരു ഗ്രൂപ്പിൽ ഉണ്ടായിരിക്കേണ്ടത്. ന്യൂനപക്ഷ പ്രാതിനിധ്യത്തിനുവേണ്ടി ഒന്നിലധികം ഗ്രൂപ്പുകളെ യോജിപ്പിക്കാം. പദ്ധതികൾ കൃഷി, സേവനം, ഉത്പന്നം തുടങ്ങിയ ഏതു മേഖലയിൽ നിന്നുമാവാം. പ്രവർത്തനമേഖലകൾക്കതീതമായി അംഗങ്ങൾക്ക് സ്ഥിരവരുമാന സാധ്യതയുള്ള പദ്ധതികളാണ് പരിഗണിക്കുന്നത്. പദ്ധതി ചെലവിന്റെ അഞ്ച് ശതമാനം അംഗങ്ങളുടെ വിഹിതമായിരിക്കണം. ബാക്കി തുക ബാങ്ക് ലോൺവഴി കണ്ടെത്തണം. സർക്കാരിന്റെയോ മറ്റ് സർക്കാർ ഏജൻസികളുടേയോ സാമ്പത്തിക സഹായത്തോടെ ഏതെങ്കിലും പദ്ധതികളിൽ ഏർപ്പെട്ടിരിക്കുന്ന സംഘങ്ങളിൽ നിന്നുമുള്ള പദ്ധതികൾ പരിഗണിക്കുന്നതല്ല. കുടുംബശ്രീയുടെ സഹായത്തോടെയാണ് പദ്ധതികൾ നടപ്പിൽ വരുത്തുക. ഇതുമായി ബന്ധപ്പെട്ട പരിശീലനവും കുടുംബശ്രീ വഴി നൽകും. ന്യൂനപക്ഷ ജനസംഖ്യാനുപാതത്തിന്റെ അടിസ്ഥാനത്തിൽ 50 സ്വയം സഹായ സംഘങ്ങൾക്കാണ് ധനസഹായം നൽകുക. |

സെക്ഷൻ ഓഫീസർ